പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3929</u> <u>26.06.2013 ൽ മറുപടിക്ക്</u>

## <u>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദവി ഉയർത്തപ്പെട്ട ആശുപത്രികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ആശുപത്രികളെ താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തുകയുണ്ടായി; | (എ) 44 ആശുപത്രികളെ താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ആശുപത്രികളിൽ ഏതെങ്കിലും ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;<br>(സി) എങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | (ബി) യും (സി) യും ഇരിട്ടി താലൂക്ക് ആശുപത്രിയിൽ ഹോസ്പിറ്റൽ സൂപ്രണ്ടിന്റെ ഒരു തസ്തികയും നേമം താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻമാരുടെ രണ്ട് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തെ പദവി ഉയർത്തപ്പെട്ട് താലൂക്ക് ആശുപത്രി കളാക്കിയ ആശുപത്രികളിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാനും അതിനനുസരിച്ച് ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ